II ഇ.ബി. XV-കേരള നിയമസഭ/I-2

**പതിനഞ്ചാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2021 ജൂൺ 8, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

4 (*31) **കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി**

വ്യവസായവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുതകുന്ന കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കിൻഫ്രയുടെ നേതൃത്വത്തിൽ ദി കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ടെന്നും

പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കുന്നതിനും കൊച്ചിയിൽ ഗ്ലോബൽ ഇൻഡസ്ട്രിയൽ ആന്റ് ഫിനാൻഷ്യൽ ട്രേഡ് സിറ്റി (GIFT) സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നതായും സഭയെ അറിയിച്ചു. അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളും ഐ.ടി., വാണിജ്യ സ്ഥാപനങ്ങളും വ്യവസായ ടൗൺഷിപ്പും ഉൾപ്പെടുന്ന ഗിഫ്റ്റ് സിറ്റി പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ 3000 കോടി രൂപയുടെ നിക്ഷേപവും 30000 പ്രത്യക്ഷ-പരോക്ഷ തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിക്കും. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് തുല്യപങ്കാളിത്തമുള്ള ടി പദ്ധതിക്ക് ദേശീയപാതയ്ക്ക് സമീപമുള്ള സ്ഥലങ്ങളാണ് ആവശ്യമുള്ളതെന്നും തൃശ്ശൂർ ജില്ലയിൽ പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമെന്നും മന്ത്രി വ്യക്തമാക്കി. ഇതുമായി ബന്ധപ്പെട്ട് വിവിധ മേഖലയിലുള്ള വ്യവസായ-വാണിജ്യ സ്ഥാപനങ്ങൾക്കാവശ്യമായ ഭൗതികസാഹചര്യങ്ങളൊരുക്കുന്നതാണ്. കഞ്ചിക്കോട് കോച്ച് ഫാക്ടറിക്കായി ഏറ്റെടുത്ത സ്ഥലം ഉപയോഗപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. പാലക്കാട് ജില്ലയിലെ സ്ഥലമേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തിയതായും ഗിഫ്റ്റ് സിറ്റിക്കായുള്ള അയ്യമ്പുഴയിലെ സ്ഥലമേറ്റെടുക്കൽ നടപടികൾ പ്രദേശവാസികളുടെ സഹകരണത്തോടുകൂടി

മുന്നോട്ടുകൊണ്ടുപോകുന്നതാണെന്നും പ്രവർത്തനരഹിതമായ വ്യവസായ യൂണിറ്റുകൾ പുനരുജ്ജീവിപ്പിച്ച് പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

5 (*32) & 6(*53) **സാമ്പത്തിക അച്ചടക്കം**

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, കേന്ദ്ര സർക്കാർ നടപ്പാക്കിയ അശാസ്ത്രീയമായ ചരക്കു സേവന നികുതിയും കടമെടുക്കൽ പരിധി വെട്ടിക്കുറച്ചതും കോവിഡ് നിയന്ത്രണത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ ലോക്ക്ഡൗണും റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിച്ചതായും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ആവർത്തന, അനാവശ്യചെലവുകൾ നിയന്ത്രിച്ചും വികസനക്ഷേമ പ്രവർത്തനങ്ങൾ തുടർന്നുവരുന്നതായും സഭയെ അറിയിച്ചു. അനുവദനീയമായ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുക്കുന്നതെന്നും കോവിഡിന്റെ പശ്ചാത്തലത്തിൽ ഉപാധികളോടെ കേന്ദ്ര സർക്കാർ വായ്പാപരിധി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ദുരിതകാലത്ത് നികുതി വർദ്ധനവ് ഏർപ്പെടുത്തില്ലെന്നും സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച ധവളപത്രം പുറപ്പെടുവിക്കേണ്ട സാഹചര്യമില്ലെന്നും മന്ത്രി വ്യക്തമാക്കി. സാമ്പത്തിക

അച്ചടക്കവുമായി ബന്ധപ്പെട്ട നിയമ-ഭരണ പരിഷ്കാര കമ്മീഷനുകളുടെ നിർദ്ദേശങ്ങൾ പരിശോധിക്കുന്നതാണ്. ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുമെന്നും ജി.എസ്.ടി. കുടിശ്ശിക കേന്ദ്ര സർക്കാരിൽനിന്നും നേടിയെടുക്കുന്നതിനും ന്യൂനതകൾ പരിഹരിച്ച് ആംനസ്റ്റി സ്കീം പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ഇന്ധന നികുതി കുറയ്ക്കുന്ന കാര്യം സംസ്ഥാന സർക്കാർ ആലോചിച്ചിട്ടില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. ഓൺലൈൻ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഡിജിറ്റൽ ഉപകരണങ്ങൾ വാങ്ങാൻ ശേഷിയില്ലാത്ത കുട്ടികൾക്ക് അവ ലഭ്യമാക്കുന്നതിനും കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കുന്നതിനും ഡാറ്റ സൗജന്യമായോ കുറഞ്ഞ നിരക്കിലോ ലഭ്യമാക്കുന്നതിനും ആവശ്യമായ തീരുമാനമെടുക്കുമെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

7 (*33) <u>**സാമൂഹ്യസുരക്ഷാ-ക്ഷേമ പെൻഷനുകൾ**</u>

ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് സാമൂഹ്യസുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ 2021 ഏപ്രിൽ മാസം മുതൽ 1600/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ഏപ്രിൽ മാസത്തെ പെൻഷൻ വിഷുവിന് മുമ്പ് വിതരണം ചെയ്തിട്ടുണ്ടെന്നും മേയ്

മാസത്തെ പെൻഷൻ വിതരണം നടത്തിവരികയാണെന്നും വിവിധ പെൻഷനുകൾക്കായുള്ള കേന്ദ്ര സർക്കാർ വിഹിതം നാമമാത്രമാണെന്നും സഭയെ അറിയിച്ചു.